ഉന്നതതല ജലസംഭരണികളിലും സൂപ്പർ ക്ലോറിനേഷൻ നടത്തുകയും വാൽവുകൾ തുറന്ന് വിതരണ ശൃംഖലയിലെ പൈപ്പ് ലൈനുകൾ വൃത്തിയാക്കുകയും ചെയ്യും. തുടർന്ന് പൈപ്പ് ലൈനുകളിൽ അഴുക്കുവെള്ളം കലരുന്നതിനുള്ള സാദ്ധ്യത വിശദമായി പരിശോധിക്കുകയും കണ്ടെത്തിയ എല്ലാ പൈപ്പ് ലീക്കുകളും പരിഹരിക്കുകയും ചെയ്യും. ഭൂമിക്കടിയിൽ തോടുകളും കാനകളും പൈപ്പ് ലൈൻ ക്രോസ് ചെയ്യുന്ന സ്ഥലങ്ങളിൽ പൈപ്പ് ലൈനുകൾ തെളിച്ച് പരിശോധിച്ച് തകരാറുകളുണ്ടെങ്കിൽ പരിഹരിക്കുന്നത് യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്യുവരുന്നു. ഈ പ്രശ്നത്തിന് പരിഹാരമാകുന്നതുവരെ ടി പ്രദേശങ്ങളിൽ കുടിവെള്ളം ടാങ്കറിൽ വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്.

നെന്മാറ മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

250 (939) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നെന്മാറ മണ്ഡലത്തിൽ നടപ്പിലാക്കിയ കുടിവെള്ള പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന ഏതെല്ലാം പദ്ധതികളാണ് ഇനി പൂർത്തീകരിക്കാനുള്ളത്; ആയത് എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് പ്രോജക്ട് ഡിവിഷനുകീഴിൽ നെന്മാറ മണ്ഡലത്തിൽ എൻ.ആർ.ഡി.ഡബ്ല്യു.പി.-19, എസ്.എൽ.എസ്.എസ്.സി.-നെന്മാറ, അയിലൂർ മേലാൻകോട് പഞ്ചായത്തുകൾക്കായി 1100 ലക്ഷം രൂപയുള്ള ഒരു കുടിവെള്ള വിതരണ പദ്ധതിക്ക് 7-1-2014-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ പ്രധാന ഘടകമായ ശുദ്ധീകരണശാലയുടെ പ്രവൃത്തി 60 ശതമാനം പൂർത്തീകരിച്ചു. പോത്തുണ്ടി ഡാമിൽനിന്നുള്ള റോ-വാട്ടർ പമ്പിംഗ് മെയിൻ, നെന്മാറ ജലസംഭരണിയിലേക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ എന്നിവ സ്ഥാപിക്കുന്നതിനുള്ള പൈപ്പുകൾ ലഭ്യമായിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ റോഡ് മുറിക്കുന്നതിനുള്ള അനുമതിയും ലഭിച്ചിട്ടുണ്ട്. പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നെന്മാറ അസംബ്ലി മണ്ഡലത്തിൽ എസ്.ഡി.എഫ്. - എം.എൽ.എ. പദ്ധതികളിൽ ഉൾപ്പെടുത്തി ആകെ 13 പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചു അതിൽ രണ്ട് പ്രവൃത്തികൾ മാത്രമാണ് ഇനി പൂർത്തീകരിക്കുവാനുള്ളത്. 1. വടവന്നൂർ ഗ്രാമപഞ്ചായത്ത് കാരപ്പറമ്പ് കടിവെള്ള പദ്ധതി, 2. തേവർക്കാട് - മരുതംപാടം കുടിവെള്ള പദ്ധതി. ഇതിൽ വടവന്നൂർ ഗ്രാമപഞ്ചായത്ത് കാരപ്പറമ്പ് കുടിവെള്ള പദ്ധതിയുടെ പമ്പ് ഹൗസ് സ്ഥാപിച്ച് പവർ കണക്ഷൻ ലഭിക്കേണ്ടതായിട്ടുണ്ട്. വടവന്നൂർ ഗ്രാമപഞ്ചായത്ത് തേവർക്കാട് -മരുതംപാടം കുടിവെള്ള പദ്ധതിയുടെ 300 മീറ്റർ പൈപ്പ് ലൈൻ ഇടേണ്ടതായിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രവൃത്തികൾ 2016 ജനുവരി മാസത്തോടുകൂടി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

താനൂർ സമഗ്ര കുടിവെള്ള പദ്ധതി

251(940) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ മണ്ഡലത്തിലെ അഞ്ചുപഞ്ചായത്തുകൾ കേന്ദ്രീകരിച്ച് നടപ്പാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ നിലവിൽ ഏതു ഘട്ടത്തിലാണ് ; വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്നും എന്നത്തേക്കു പ്രവൃത്തി ആരംഭിക്കാനാകുമെന്നും വിശദമാക്കാമോ ?

ഉത്തരം

(എ&ബി) താനൂർ മണ്ഡലത്തിലെ ചെറിയമുണ്ടം, പൊൻമുണ്ടം, താനൂർ, താനാളൂർ, നിറമരുതൂർ എന്നീ പഞ്ചായത്തുകളിലേക്ക് കുടിവെള്ളം എത്തിക്കുന്നതിനുള്ള സമഗ്ര പദ്ധതിക്കുവേണ്ടിയുള്ള എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. പദ്ധതിക്ക് 7250 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇതിന്റെ ശുദ്ധീകരണ ശാലയ്ക്കുവേണ്ടി ചെറിയമുണ്ടം പഞ്ചായത്തിൽ ഒന്നര ഏക്കർ സ്ഥലം കേരള ജല അതോറിറ്റിക്ക് നൽകാൻ പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. തുക വകയിരുത്തിയിട്ടില്ല.

ജപ്പാൻ കുടിവെള്ള പദ്ധതി

252(941) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതി പൂർത്തിയായിട്ടുണ്ടോ ; ഏതെങ്കിലും പ്രവൃത്തി ഇനിയും പൂർത്തിയാക്കേണ്ടതായിട്ടുണ്ടോ ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly